**ഇന്ത്യാ-ആഫ്രിക്ക ആരോഗ്യ ശാസ്ത്ര സമ്മേളനം (സെപ്തംബര് 1-3 ,2016 )**

ആഗസ്ത് 30, 2016

ഇന്ത്യന് കൌൺസില് ഓഫ് മെഡിക്കല് റിസർച്ച് (ICMR) , വിദേശകാര്യ മന്ത്രാലയം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തില് ത്രിദിന ഇന്ത്യാ-ആഫ്രിക്ക ആരോഗ്യ ശാസ്ത്ര സമ്മേളനം ന്യൂഡെൽഹിയിലെ വിജ്ഞാന് ഭവനില് സെപ്തംബര് ഒന്നു മുതല് മൂന്നു വരെ (സെപ്തംബര് 1-3,2016 ) നടക്കും . ഒക്ടോബര് 2015 ല് നടന്ന മൂന്നാമത് ഇന്ത്യാ ആഫ്രിക്ക ഫോറം ഉച്ചകോടിയുടെ തുടർച്ചയാണിത്.

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം , കേന്ദ്ര വിദേശകാര്യമന്ത്രാലയം, ശാസ്ത്ര സാങ്കേതിക മന്ത്രാലയം, വ്യവസായ മന്ത്രാലയം എന്നീ നാല് മന്ത്രാലയങ്ങള് ഈ ചടങ്ങ് സംഘടിപ്പിക്കുവാന് സഹകരിക്കുന്നുണ്ട് . ആരോഗ്യ മന്ത്രിമാർക്കൊപ്പം സ്പെഷ്യലിസ്റ്റുകള് , വിദഗ്ധര് , ആഫ്രിക്കന് രാജ്യങ്ങളിലെ ആരോഗ്യശാസ്ത്ര മേഖലയിലെ പ്രധാനപ്പെട്ട പങ്കാളികള് എന്നിവരെയും ഈ ചടങ്ങില് പങ്കെടുക്കുന്നതിനായി ക്ഷണിച്ചിട്ടുണ്ട്

ബയോമെഡിക്കല് ഗവേഷണം, ആരോഗ്യ രംഗത്തെ കാര്യശേഷി നിർമ്മാണം, മെഡിക്കല് ആരോഗ്യ പ്രൊഫഷണലുകളുടെ വിദ്യാഭ്യാസം, അസുഖങ്ങളുടെ മുൻഗണനയും , ഗവേഷണത്തിന് പ്രാധാന്യം നല്കേണ്ട മേഖലകളും, വ്യവസായ പ്രക്രിയകൾക്കുള്ള മനുഷ്യവിഭവ വികസനം , ആഫ്രിക്കയില് ആഫ്രിക്കയില് അടിസ്ഥാനമാക്കി നിർമാണം/ ബൗദ്ധികസ്വത്തവകാശം (IPR) നിയന്ത്രണങ്ങള്, ഫാർമകോപ്പിയ തുടങ്ങിയവയെ കേന്ദ്രീകരിച്ചായിരിക്കും ചർച്ചകള്

ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ഉദ്ഘാടന പ്രസംഗം നടത്തും. സമ്മേളനത്തെ കേന്ദ്ര വിദേശ കാര്യ സഹമന്ത്രി അഭിസംബോധന ചെയ്യും.
സമ്മേളനത്തോട് അനുബന്ധിച്ച് ആരോഗ്യശാസ്ത്ര മേഖലയിലെ പുതിയ സാങ്കേതികവിദ്യകള് പ്രദർശിപ്പിക്കുന്ന ഒരു പ്രദർശനവും സംഘടിപ്പിക്കും

ന്യൂഡെൽഹി
ആഗസ്ത് 30, 2016